പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1342** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>ഡിജിറ്റൽ സർവേയ്ക്ക് ശേഷമുള്ള ഭൂനികുതി അടയ്ക്കൽ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മാണി. സി. കാപ്പൻ ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് ഡിജിറ്റൽ സർവേ പൂർത്തിയായതിനെ ശേഷം ഭൂനികുതി അടയ്ക്കാൻ കഴിയാതെ പൊതുജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ കയറിയിറങ്ങേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** ഡിജിറ്റൽ സർവേ പൂർത്തിയായ വില്ലേജുകളിൽ മുൻ രേഖകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഭൂവിസ്തൃതിയും ഡിജിറ്റൽ സർവെയിലൂടെ കണ്ടെത്തിയ ഭൂവിസ്തൃതിയും തമ്മിൽ വ്യത്യാസം വരുന്നതു മൂലം ചില ഭൂവുടമകൾക്ക് ഭൂനികുതി അടയ്ക്കുന്നതിൽ ബുദ്ധിമുട്ടുകൾ നേരിടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്.

ഡിജിറ്റൽ സർവ്വെ പൂർത്തിയായ വില്ലേജുകളിൽ ഭൂനികുതി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ വ്യക്തമായ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഡിജിറ്റൽ സർവ്വേ രേഖകൾ കൈമാറിയ വില്ലേജിലെ ഭൂമിയുടെ വിസ്തീർണ്ണവുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുമ്പോൾ ഡിജിറ്റൽ ബി .റ്റി.ആർ (d-BTR) അടിസ്ഥാനമാക്കിയാണ് തുടർ നടപടികൾ സ്വീകരിക്കേണ്ടതെന്ന് 13/01/2025 ലെ സ.ഉ (കൈ) നം.7/2025/RD ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. ഡിജിറ്റൽ സർവ്വേ രേഖകൾ പ്രകാരം ഒരു കൈവശക്കാരന് ഉടമസ്ഥതാ രേഖയിൽ ഉള്ളതിനേക്കാൾ അധികമായി വിസ്തീർണ്ണം രേഖപ്പെടുത്തപ്പെട്ട സാഹചര്യങ്ങളിൽ, പ്രസ്തുത അധിക ഭൂമിക്ക് പോക്കുവരവ് നടപടികൾ സ്വീകരിക്കുന്നതിന് 15/03/2026-ലെ സ.ഉ (സാധാ) നം. 677/2026/RD ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുള്ളതുമാണ്.

അധിക ഭൂമി കണ്ടെത്തിയാൽ സർക്കാർ ഭൂമിയിൽ കുറവുണ്ടോ എന്ന് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതിന് വില്ലേജ് ഓഫീസർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വിസ്തീർണ്ണത്തിൽ കുറവ് വന്നിട്ടുണ്ടെന്ന് പരാതി ലഭിക്കുന്ന എല്ലാ കേസുകളിലും സർവ്വെയർ സ്ഥല പരിശോധന നടത്തി കൃത്യമായ റിപ്പോർട്ടുകൾ തയ്യാറാക്കി തുടർ നടപടി സ്വീകരിക്കുന്നുമുണ്ട്. ഡിജിറ്റൽ സർവ്വേ രേഖകളുടെ കരട് പ്രസിദ്ധീകരിച്ച സമയത്ത് പരാതികൾ ഉണ്ടെങ്കിൽ ആയത് സമർപ്പിക്കുന്നതിന്

പൊതുജനങ്ങൾക്ക് survey.entebhoomi.kerala.gov.in എന്ന പോർട്ടൽ മുഖേന സർവ്വേ വകുപ്പ് സൗകര്യമൊരുക്കിയിട്ടുമുണ്ട്.

**(ബി)** ഉണ്ടെങ്കിൽ, ഡിജിറ്റൽ സർവേയ്ക്കുശേഷം രേഖപ്പെടുത്തിയ ഭൂവിസ്തൃതിയിൽ വ്യത്യാസം വന്നതിന്റെ പേരിൽ ഭൂനികുതി സ്വീകരിക്കാത്ത സാഹചര്യം ഒഴിവാക്കി ജനങ്ങൾക്ക് നികുതി അടയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

<u>**മറുപടി:**</u> ഡിജിറ്റൽ സർവേ പൂർത്തിയായ വില്ലേജുകളിൽ മുൻ രേഖകളിൽ രേഖപ്പെടുത്തിയിട്ടുള്ള ഭൂവിസ്തൃതിയും ഡിജിറ്റൽ സർവെയിലൂടെ കണ്ടെത്തിയ ഭൂവിസ്തൃതിയും തമ്മിൽ വ്യത്യാസം വരുന്നതു മൂലം ചില ഭൂവുടമകൾക്ക് ഭൂനികുതി അടയ്ക്കുന്നതിൽ ബുദ്ധിമുട്ടുകൾ നേരിടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്.

ഡിജിറ്റൽ സർവ്വെ പൂർത്തിയായ വില്ലേജുകളിൽ ഭൂനികുതി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ വ്യക്തമായ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഡിജിറ്റൽ സർവ്വേ രേഖകൾ കൈമാറിയ വില്ലേജിലെ ഭൂമിയുടെ വിസ്തീർണ്ണവുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുമ്പോൾ ഡിജിറ്റൽ ബി .റ്റി.ആർ (d-BTR) അടിസ്ഥാനമാക്കിയാണ് തുടർ നടപടികൾ സ്വീകരിക്കേണ്ടതെന്ന് 13/01/2025 ലെ സ.ഉ (കൈ) നം.7/2025/RD ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. ഡിജിറ്റൽ സർവ്വേ രേഖകൾ പ്രകാരം ഒരു കൈവശക്കാരന് ഉടമസ്ഥതാ രേഖയിൽ ഉള്ളതിനേക്കാൾ അധികമായി വിസ്തീർണ്ണം രേഖപ്പെടുത്തപ്പെട്ട സാഹചര്യങ്ങളിൽ, പ്രസ്തുത അധിക ഭൂമിക്ക് പോക്കുവരവ് നടപടികൾ സ്വീകരിക്കുന്നതിന് 15/03/2026-ലെ സ.ഉ (സാധാ) നം. 677/2026/RD ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുള്ളതുമാണ്.

അധിക ഭൂമി കണ്ടെത്തിയാൽ സർക്കാർ ഭൂമിയിൽ കുറവുണ്ടോ എന്ന് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതിന് വില്ലേജ് ഓഫീസർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വിസ്തീർണ്ണത്തിൽ കുറവ് വന്നിട്ടുണ്ടെന്ന് പരാതി ലഭിക്കുന്ന എല്ലാ കേസുകളിലും സർവ്വെയർ സ്ഥല പരിശോധന നടത്തി കൃത്യമായ റിപ്പോർട്ടുകൾ തയ്യാറാക്കി തുടർ നടപടി സ്വീകരിക്കുന്നുമുണ്ട്. ഡിജിറ്റൽ സർവ്വേ രേഖകളുടെ കരട് പ്രസിദ്ധീകരിച്ച സമയത്ത് പരാതികൾ ഉണ്ടെങ്കിൽ ആയത് സമർപ്പിക്കുന്നതിന് പൊതുജനങ്ങൾക്ക് survey.entebhoomi.kerala.gov.in എന്ന പോർട്ടൽ മുഖേന സർവ്വേ വകുപ്പ് സൗകര്യമൊരുക്കിയിട്ടുമുണ്ട്.

**(സി)** പ്രസ്തുത പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിനായി ആവശ്യമായ സ്ഥലങ്ങളിൽ വീണ്ടും റീസർവേ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>**മറുപടി:**</u> ഡിജിറ്റൽ സർവെയിലൂടെ കണ്ടെത്തിയ ഭൂവിസ്തൃതിയിലും മുൻ രേഖകളിൽ രേഖപ്പെടുത്തിയിട്ടുള്ള വിസ്തൃതിയിലും വ്യത്യാസം വരുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. 13.01.2025 ലെ സ .ഉ. (കൈ) നം. 7/2025/ആർ.ഡി. പ്രകാരം ഭൂനികുതി സ്വീകരിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതും, 11.03.2026 ലെ-ജെ2/64/2026/നി.വ. നമ്പർ കത്ത് പ്രകാരം

തർക്കരഹിതമായ അധിക വിസ്തൃതിയുള്ള ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ സുഗമമാക്കിയിട്ടുള്ളതുമാണ്. ഭൂവിസ്തൃതി സംബന്ധിച്ചോ അതിർത്തി സംബന്ധിച്ചോ പരാതികളും തർക്കങ്ങളും നിലനിൽക്കുന്ന കേസുകളിൽ ബന്ധപ്പെട്ട രേഖകളും വസ്തുതകളും പരിശോധിച്ച് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. പരിശോധനയിൽ ആവശ്യമായി കണ്ടെത്തുന്ന പക്ഷം നിലവിലുള്ള നിയമവ്യവസ്ഥകൾക്ക് വിധേയമായി തുടർ സർവെനടപടികളും പരിഗണിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**